# Deepika

## 24 August 2018

## Thiruvananthapuram: After Flood, relief camps

# 3314 ദുരിതാശ്വാസ ക്യാമ്പുകളിൽ 12,10,453 പേർ

**ദുരന്തത്തെ അതിജീവിക്കാനുള്ള പ്രവർത്തനങ്ങളിലേക്കാണ് സർക്കാർ നീങ്ങുന്നത്.**

**തിരുവനന്തപുരം:** പ്രളയക്കെടുതിയെത്തുടർന്ന് ജനങ്ങളെ മാറ്റിപ്പാർപ്പിച്ച 3314 ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. 3,27,280 കുടുംബങ്ങളിൽനിന്നായി 12,10,453 ആളുകളാണ് ഈ ക്യാമ്പുകളിൽ താമസിക്കുന്നത്. ഇന്നലെ രക്ഷാ പ്രവർത്തനത്തിൽ ആരെയും രക്ഷപെടുത്തേണ്ടസാഹചര്യം ഉണ്ടാകാത്ത പശ്ചാത്തലത്തിൽ ആദ്യഘട്ടമായ രക്ഷാ പ്രവർത്തനം വിജയകരമായി പൂർത്തിയാക്കിയതായി അദ്ദേഹം അറിയിച്ചു.

മഴ കുറഞ്ഞതോടെ ഇപ്പോൾ ജനങ്ങൾ ക്യാമ്പുകളിൽനിന്ന് വീടുകളിലേക്ക് പോകുന്നു. ഇനി ദുരന്തത്തെ അതിജീവിക്കാനുള്ള പ്രവർത്തനങ്ങളിലേക്കാണ് സർക്കാർ നീങ്ങുന്നത്. ഇക്കാര്യത്തിൽ എല്ലാ പിന്തുണയും ജനങ്ങളിൽനിന്നു വേണം. സർവകക്ഷി യോഗവും പ്രത്യേക നിയമസഭാ സമ്മേളനവും ഇതിന്റെ ഭാഗമായാണ്. സർവകക്ഷിയോഗത്തിൽ എല്ലാ പാർട്ടികളും സർവ പിന്തുണയും അറിയിച്ചിട്ടുമുണ്ട്.

ക്യാമ്പുകൾ നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. ജനങ്ങളുടെ യോജിപ്പാണ് പ്രധാന ഘടകം. ഭക്ഷണം, മരുന്ന്, പ്രാഥമിക സൗകര്യങ്ങൾ തുടങ്ങിയവ ഒരുക്കുന്നതിനുള്ള നടപടികൾ നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്.

യുവാക്കൾ, സന്നദ്ധപ്രവർത്തകർ തുടങ്ങിയവർ സജീവമാണ്. ഇവരെ പ്രാദേശികമായി വിന്യസിക്കുന്നുണ്ട്. പോലീസ്, ഫയർ ഫോഴ്സ്, ആരോഗ്യപ്രവർത്തകർ, മറ്റു സർക്കാർ സംവിധാനങ്ങൾ തുടങ്ങിയവയും സജീവമായി രംഗത്തുണ്ട്. നഷ്ടപ്പെട്ടതെല്ലാം പുനർനിർമിക്കാൻ സർക്കാർ കൂടെ ഉണ്ടാകും. ദുരിതക്കാഴ്ചയിൽ ആരും തളരരുത്. അതിനായുള്ള പാക്കേജുകൾ രൂപപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ദുരിതബാധിതർ ഒറ്റയ്ക്കല്ല, സർക്കാർ കൂടെയുണ്ടാകും. ഏതു പ്രതിസന്ധിയെയും അതിജീവിച്ച് നാം മുന്നേറുമെന്നും കേരളത്തിന്റെ ഉയർത്തെഴുന്നേൽപ്പിന്റെ ചരിത്രമായി ഇതു മാറുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

രക്ഷാപ്രവർത്തനത്തിനിറങ്ങിയവർ ജലജന്യരോഗങ്ങൾ തടയാനായി വൈദ്യപരിശോധനയ്ക്ക് വിധേയരാകണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. മത്സ്യത്തൊഴിലാളികളും സന്നദ്ധപ്രവർത്തകരും ഉൾപ്പെടെയുള്ളവർക്കു പലവിധ ജലജന്യരോഗങ്ങൾക്കും സാധ്യതയുണ്ട്. അതുകൊണ്ടു തന്നെ വൈദ്യസഹായംതേടി രോഗം വരാതിരിക്കാൻ മുൻകരുതൽ വേണമെന്നും അദ്ദേഹം പറഞ്ഞു.

## എല്ലാ സഹായങ്ങളും സർക്കാർ സ്വാഗതം ചെയ്യും: മുഖ്യമന്ത്രി

**തിരുവനന്തപുരം:** ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നുള്ള സഹായങ്ങളും സർക്കാർ സ്വാഗതം ചെയ്യുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

അത് നേടിയെടുക്കാനുള്ള നടപടികളാണ് നാടിനെ സ്നേഹിക്കുന്നവരിൽനിന്ന് ഉണ്ടാകേണ്ടത്. 2016ലെ ദേശീയ ദുരന്തനിവാരണ നയത്തിൽ മറ്റു രാജ്യങ്ങൾ സ്വമേധയാ നൽകുന്ന സഹായം സ്വീകരിക്കാമെന്നാണ് വ്യക്തമാക്കിയിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

യുഎഇ നൽകുമെന്നറിയിച്ചത് 700 കോടി രൂപയാണ്. രാജ്യങ്ങൾ പരസ്പരം സഹായിക്കുന്നത് സ്വാഭാവികമാണ്, അത് ലോകമാകെ നടക്കുന്നതാണ്. യുഎഇ സഹായം സ്വീകരിക്കുന്നത് സംബന്ധിച്ച് ആശയക്കുഴപ്പമുണ്ടായാൽ ഔദ്യോഗികതലത്തിൽ ചർച്ചചെയ്ത് പരിഹരിക്കും. വല്ലാത്ത തടസമുണ്ടെങ്കിൽ പ്രധാനമന്ത്രിയെ സമീപിക്കും. എന്നാൽ സാധാരണ ഗതിയിൽ ഫണ്ട് സ്വീകരിക്കുന്നതിൽ തടസമില്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

വിവിധ സ്ഥാപനങ്ങളുടേതും കൂട്ടായ്മകളുടേതുമായി 318 കോടി രൂപ ലഭിച്ചു. വേറെ അനേകം സഹായ വാഗ്ദാനങ്ങളും ലഭിച്ചിട്ടുണ്ട്. കൊച്ചു കുട്ടികൾ മുതൽ പ്രായമായവർ വരെ അവരവർക്ക് തന്നാലായത് എന്ന നിലയിൽ സഹായം നൽകുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കെടുതിയെ ജനം ഒറ്റക്കെട്ടായി നേരിടുമ്പോൾ അതിൽ വിള്ളൽ വീഴ്ത്തുന്ന നടപടിയുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. അല്ലെങ്കിൽ നാടിന്റെ പുരോഗതിക്കത് ഗുണമാകില്ല. ദുരിതത്തിൽ നിൽക്കുമ്പോൾ അത് പരിഹരിക്കാനും ആത്മവിശ്വാസം നൽകാനുമുള്ള കൈത്താങ്ങാണ് വേണ്ടതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.